ജി(4)139078/19

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 29.01.2020.

## സർക്കുലർ നം. 09/2020

വിഷയം:- സഹകരണ വകുപ്പ് - പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം - വിദ്യാലയങ്ങളിൽ ഭൗതിക സാഹചര്യങ്ങൾ - മെച്ചപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന :-
1. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രി ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച 26.11.2019 ലെ 462/2019 എം(ഇഡിഎൻ) നമ്പർ കത്ത്.
2. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രി ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച 10.12.2019 ലെ 476/2019 എം(ഇഡിഎൻ) നമ്പർ കത്ത്.
3. സഹകരണ സംഘം രജിസ്ട്രാറുടെ 03.12.2019 ലെ ജി(4) 139078/19 നമ്പർ കത്ത്.
4. 28.12.2019 ലെ 9333/Min(Co-op, TSM & DEV)/2019 നമ്പർ എൻഡോഴ്സ്മെന്റ് .

സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥനത്തെ പൊതു വിദ്യാലയങ്ങളിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന സഹകരണ സംഘങ്ങളിൽ നിന്നും തുക അനുവദിക്കണമെന്നുള്ള ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അപേക്ഷ സൂചന (1), (2) പ്രകാരം ഈ ആഫീസിൽ ലഭിച്ചിരുന്നു. അതനുസരിച്ച് പൊതു വിദ്യാലയങ്ങളിൽ ഉടൻ തന്നെ ഏർപ്പെടുത്തേണ്ട പ്രാഥമിക സൗകര്യങ്ങൾ അതാതു പ്രദേശത്തെ സഹകരണ സംഘങ്ങളും സ്കൂൾ പി.റ്റി.എ.യുമായി ആലോചിച്ച് നടപ്പിലാക്കണമെന്ന് അറിയിച്ചു കൊണ്ട് സൂചന (3) പ്രകാരം ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്ക് നിർദ്ദേശം നൽകിയിരുന്നു.

ഈ വിഷയവുമായി ബന്ധപ്പെട്ട് പ്രധാനമായും നടപ്പിലാക്കേണ്ടവ കുട്ടികൾക്കാവശ്യമായ കമ്പ്യൂട്ടറുകൾ, സ്പോർട്സ് കിറ്റ്, ലബോറട്ടറി ഉപകരണങ്ങൾ ലഭ്യമാക്കുക, സ്കൂളുകളിലെ അടുക്കള, ഡൈനിംഗ് ഹാൾ എന്നിവിടങ്ങളിലേക്കുള്ള അവശ്യ സാധനങ്ങൾ ലഭ്യമാക്കുക, ക്ലാസ്സ് മുറികൾ, ശുചി മുറികൾ എന്നിവിടങ്ങളിലെ അസൗകര്യങ്ങൾ തീർപ്പാക്കുക എന്നിവയാണ്. സ്ഥലത്തെ സഹകരണ സംഘങ്ങൾ അതാതു പ്രദേശത്തെ സ്കൂളുകളിലെ ആവശ്യകത കണക്കിലെടുത്ത് തുടർ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

ഈ സംരംഭത്തിനു വേണ്ടി സഹകരണ സംഘങ്ങളിൽ നിന്നും തുക അനുവദിക്കുന്നതു സംബന്ധിച്ച് ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി അനുവാദം ലഭ്യമാക്കിയിട്ടുള്ള സാഹചര്യത്തിൽ അതാതു പ്രദേശത്തിന്റെ ആവശ്യകത അനുസരിച്ച് ലാഭത്തിൽ പ്രവർത്തിക്കുന്ന ഓരോ സഹകരണ സംഘവും പരമാവധി ഒരു ലക്ഷം രൂപ വരെ ചെലവഴിക്കുന്നതിന് അനുമതി നൽകുന്നു.

(ഒപ്പ്)
ഡോ.പി.കെ.ജയശ്രീ.ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ് -

1. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.
2. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.
   ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന.
4. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
   ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മുഖേന
5. എല്ലാ സഹകരണ സംഘങ്ങൾക്കും
   ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന.
6. എഡിറ്റർ, സഹകരണവീഥി.
7. വെബ് സൈറ്റ്.
8. സ്റ്റോക്ക് ഫയൽ/സ്പെയർ.

// ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)

ആർ.എൽ